## പതിമൂന്നാം കേരള നിയമസഭ
## നാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1150 — 20. 03. 2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്

### അഴിമതി തടയാൻ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അഴിമതി തടയാൻ വിജിലൻസ് വകുപ്പ് സർക്കാരിന്റെ അംഗീകാരത്തിനായി എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഓരോ വകുപ്പിലെയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സംബന്ധിച്ച റിപ്പോർട്ട് അതതു ഭരണ വകുപ്പുകളിലെയും പൊതുമേഖലാസ്ഥാപനങ്ങളിലെയും വിജിലൻസ് ആഫീസർമാർ വിജിലൻസ് ഡയറക്ടർക്ക് നൽകുക, വിജിലൻസ് സംവിധാനം ശക്തമാക്കുന്നതിന് മൂന്നു മാസത്തിലൊരിക്കൽ വകുപ്പുതല വിജിലൻസ് ആഫീസർമാരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് വിജിലൻസ് ഡയറക്ടറെ ചുമതലപ്പെടുത്തുക, വകുപ്പുമേധാവികൾക്ക് വിജിലൻസ് ഡയറക്ടർ അയച്ചുകൊടുക്കുന്ന അഴിമതി ആരോപണങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള നടപടി റിപ്പോർട്ട് ഡയറക്ടർക്ക് കൂടി നൽകുക തുടങ്ങിയ മാർഗ്ഗ നിർദ്ദേശങ്ങൾ വിജിലൻസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ ഓഫീസുകളിലെ സംവിധാനങ്ങൾ സുതാര്യമാക്കുന്നതിനും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) 12.01.2009 ലെ സർക്കുലർ നമ്പർ 168/എ ആർ.13(2)/09/ഉ.ഭ.പ.വ പ്രകാരവും 20.9. 2011 ലെ സർക്കുലർ നമ്പർ 10827/എ.ആർ. 13(2)/11/ ഉ.ഭ.പ.വ പ്രകാരവും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിർദ്ദേശങ്ങൾ, അപേക്ഷകൾ എന്നിവയ്ക്ക് കൈപ്പറ്റ് രസീത് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, 20.2.2012 ലെ സർക്കുലർ നമ്പർ 20909/എ.ആർ 13 (2)/11/ഉ.ഭ.പ.വ |

പ്രകാരം ഓഫീസ് സമയം അടങ്ങിയ ബോർഡ് എല്ലാ സർക്കാർ ഓഫീസുകൾക്കു മുൻപിലും സ്ഥാപിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ സംവിധാനങ്ങൾ സുതാര്യമാക്കുന്നതിന്റെയും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി എല്ലാ സർക്കാർ ഓഫീസുകളിലും/സ്ഥാപനങ്ങളിലും പൗരാവകാശരേഖ പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 6.8.2012 ലെ നോട്ടിഫിക്കേഷൻ നം. 13450/ലെജി ബി.1/12/നിയമം പ്രകാരം സേവനാവകാശ നിയമവും സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) കൈക്കൂലി കൈപ്പറ്റുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുമോ ? | (സി) കൈക്കൂലി കൈപ്പറ്റുന്ന ഉദ്യോഗസ്ഥർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ